# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2944 | 13.03.2018-ൽ മറുപടിയ്ക്ക് |
|---|---|

**സ്മാർട്ട് സിറ്റി മിഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്ത് സ്മാർട്ട് സിറ്റി മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | ഉണ്ട്. നഗരാസൂത്രണ വകുപ്പിന്റെ കീഴിൽ സ്മാർട്ട് സിറ്റി ഏര്യയുടെ ടൗൺ പ്ലാനിംഗ് സ്കീം തയ്യാറാക്കി കൊച്ചി കോർപറേഷന് സമർപ്പിച്ചു. കൊച്ചി മെട്രോ ജലഗതാഗത പദ്ധതിയായ വാട്ടർ മെട്രോ പ്രൊജെക്ടിന്റെ ഭാഗമായി സ്മാർട്ട് സിറ്റിയിൽ ഉൾപ്പെടുന്ന ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, സിറ്റി സെൻട്രൽ, തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ജലഗതാഗത പദ്ധതി പ്രവർത്തനങ്ങളും നടന്നു കൊണ്ടിരിക്കുന്നു. യന്ത്രേതര ട്രാൻസ്പോർട്ട് (Non Motorised Transport) പദ്ധതിയുടെ ഭാഗമായി മഹാരാജാസ് മെട്രോ സ്റ്റേഷൻ മുതൽ എറണാകുളം ബോട്ടു ജെട്ടിവരെയുള്ള ഹോസ്പിറ്റൽ റോഡിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. 31/03/2018 ന് മുൻപായി ടെൻഡർ ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രോജക്ടുകൾ താഴെ പറയുന്നു.<br>1. സ്മാർട്ട് ക്ലാസുകൾ<br>2. എൽ.ഇ.ഡി ലൈറ്റുകൾ<br>3. പബ്ലിക് ബൈസിക്കിൾ ഷെയറിങ്<br>4. ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ടേഷൻ മാനേജ്മെന്റ് സിസ്റ്റം<br>5. ജനറൽ ഹോസ്പിറ്റലിന്റെയും മറ്റു ഹോസ്പിറ്റലുകളുടെയും വികസനം<br>6. നഗരത്തിൽ സ്മാർട്ട് വൈഫൈ<br>7. റോഡുകൾ, നടപ്പാതകൾ, സിഗ്നലുകൾ<br><br>ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംങ് നടത്തി, പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തി നടപ്പിലാക്കേണ്ട പദ്ധതികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിക്കായി ഇതിനോടകം ആകെ 396 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് (കേന്ദ്രവിഹിതം - 196 കോടി, സംസ്ഥാന വിഹിതം - 200 കോടി, കൊച്ചിൻ കോർപറേഷൻ – 1.72 കോടിയും) നാളിതുവരെ ചിലവായ തുക – 2..75 കോടി രൂപയാണ്. |
| (ബി) | പ്രസ്തുത മിഷനുവേണ്ടി 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയുടെ എത്ര ശതമാനം ചെലവഴിക്കാൻ സാധിച്ചു എന്ന് വെളിപ്പെടുത്തുമോ? | | |

| | | | |
|---|---|---|---|
| | | | സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിന്റെ നടത്തിപ്പിനായി 30/08/2017 ൽ കമ്പനി രൂപീകരിച്ചതിനുശേഷം 4 ഡയറക്ടർ ബോർഡ് യോഗങ്ങൾ കൂടുകയും, ഒരു സ്റ്റേറ്റ് ലെവൽ ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി യോഗം കൂടുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയകൾ നടന്നു വരുന്നു. പദ്ധതിയ്ക്കായി കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. കമ്പനിയുടെ രജിസ്ട്രേഷൻ ചെലവുകൾക്കായി 1 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സ്മാർട്ട് ബസ് സ്റ്റോപ്പുകൾ, വാട്ടർ ഫൗണ്ടനുകൾ, പൊതുശൗചാലയങ്ങളുടെ നവീകരണം എന്നിവയ്ക്കായി തിരുവനന്തപുരം നഗരസഭ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതികളുടെ ഡിസൈനിംഗ് പ്രവർത്തങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ